**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

# സർക്കുലർ

നം: ഇ എൽ2-15235/2025/ആവഡ തീയതി: 17-06-2025

വിഷയം:- ആ.വ.ഡ - ആരോഗ്യ വകുപ്പിലെ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നത് - വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്

സൂചന:-

1. സർക്കുലർ നം ഇഎസ്2-713/2025/ആ.വ.ഡ തീയതി 09/01/2025
2. സർക്കാർ ഉത്തരവ്(അച്ചടി) നം.7/2024/പി & ഏആർഡി തീയതി.25/09/2024

ആരോഗ്യ വകുപ്പിലെ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ 31/12/2024 വരെ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനായി സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി തസ്തികയിൽ സീനിയോറിറ്റി പട്ടിക 31/05/2025 പ്രാബല്യതീയതിയിൽ തയ്യാറാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ സൂചന 1 ലെ സർക്കുലർ പ്രകാരം വിവരം ലഭ്യമാക്കാത്തവരും 01/01/2025 മുതൽ 31/05/2025 വരെ സർവ്വീസിൽ പ്രവേശിച്ച എൽ ഡി ടൈപ്പിസ്റ്റുമാരും ടൈപ്പിസ്റ്റ് ഓപ്ഷൻ നൽകിയിട്ടുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്കുമാരും സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി ഇതോടപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പരിപത്രത്തിൽ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തി പി എസ് സി ശുപാർശയുടെയും മറ്റു ഉത്തരവുകളുടെയും പകർപ്പുകൾ സഹിതം ഉചിത മാർഗേണ **30/06/2025 നകം** ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ജീവനക്കാർ സമർപ്പിക്കുന്ന പരിപത്രം ബന്ധപ്പെട്ട ഓഫീസ് മേധാവിമാർ സേവനപുസ്തകവുമായി ഒത്തുനോക്കി പരിപത്രത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ടൈപ്പിസ്റ്റ്ഓപ്ഷൻ നൽകിയിട്ടുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലാർക്കുമാർ സൂചന 2ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് കൃത്യത ഉറപ്പാക്കി മാത്രമേ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേനെ ഈ ഓഫീസിലേക്ക് അയക്കാൻ പാടുള്ളു. അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**Signed by Binu S**
**Date: 17-06-2025 14:32:47**

സീനിയർ സൂപ്രണ്ട്

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം

1. പരിപത്രം
2. സൂചന 2 ലെ സർക്കാർ ഉത്തരവ്

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)
2. സൂപ്രണ്ട് ഇഡി സെക്ഷൻ
3. ഫയൽ /കരുതൽ ഫയൽ